V ക്രമപ്രശ്നം

കോടതികളിൽ ഗവൺമെന്റ് ഭാഗം വാദിക്കുന്ന വക്കീലന്മാർ പിന്നീട് എതിർ കക്ഷികൾക്കുവേണ്ടി ഹാജരാകുന്നത് സംബന്ധിച്ച്

ശ്രീ. എ. കെ. ബാലൻ : സർ, ഒരു ക്രമപ്രശ്നമുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ വളരെ പ്രധാനപ്പെട്ട ഒരു കാര്യം കൊണ്ടുവരികയാണ്. പുഷ്പഗിരി മെഡിക്കൽ കോളേജ് മാനേജ്മെന്റിനെതിരായി കേരളാ ഗവൺമെന്റിനു വേണ്ടി കേരളാ ഹൈക്കോടതിയിൽ റിവ്യൂ പെറ്റീഷൻ തയ്യാറാക്കിക്കൊടുത്ത സുപ്രീംകോടതിയിലെ പ്രഗൽഭനായ വക്കീൽ ഹരീഷ് ആൽവേ ഇപ്പോൾ സുപ്രീംകോടതിയിൽ പുഷ്പഗിരി കോളേജിനുവേണ്ടി ഹാജരാകുകയാണ്. കേരളാ ഗവൺമെന്റിനുവേണ്ടി റിവ്യൂ പെറ്റീഷൻ തയ്യാറാക്കിക്കൊടുത്തതിന്റെ പേരിൽ രണ്ടര ലക്ഷം രൂപ ഗവൺമെന്റിൽനിന്നും അദ്ദേഹം വാങ്ങിയിട്ടുണ്ട്. ഗവൺമെന്റിനുവേണ്ടി ഹാജരായ വക്കീൽ ഇപ്പോൾ പ്രതിക്കുവേണ്ടി ഹാജരാകുന്നു. വാദിക്കും പ്രതിക്കുംവേണ്ടി ഒരേവക്കീൽ ഹാജരാകുന്നു. കള്ളനും പോലീസും കളിക്കുന്നത് ഗവൺമെന്റാണെന്നുള്ളതിന് ഏറ്റവും വലിയൊരു തെളിവാണ്. മറ്റൊന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ട കാര്യമാണ്. സുപ്രീംകോടതിയിലെ കേരളാ ഗവൺമെന്റിന്റെ സ്റ്റാൻഡിംഗ് കൗൺസിൽ അംഗമാണ് ശ്രീ. കെ. ആർ. ശശിപ്രഭു. ശ്രീ. കെ. കരുണാകരൻ പ്രതിയായ പാമോയിൽ കേസിൽ കരുണാകരനുവേണ്ടി അദ്ദേഹം ഹാജരാകുന്നു. കേരളാ ഗവൺമെന്റിന്റെ സാംഗ്ഷനില്ലാതെ, കേരളാ ഗവൺമെന്റിന്റെ അംഗീകാരമില്ലാതെ, കേരളാ ഗവൺമെന്റിന്റെ താൽപ്പര്യം സംരക്ഷിക്കുന്നതിനു പകരം ഒരു പ്രതിക്കു വേണ്ടി സുപ്രീംകോടതിയിൽ അദ്ദേഹവും ഹാജരായി ഈ രൂപത്തിൽ കേരളത്തിന്റെ താൽപ്പര്യം, കേരളാ ഗവൺമെന്റിന്റെ താൽപ്പര്യം സംരക്ഷിക്കാൻ ബാധ്യതപ്പെട്ട വക്കീലൻമാർ വാദിക്കും പ്രതിക്കുംവേണ്ടി ഹാജരാകുന്നത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പരിശോധിക്കണം. മാത്രമല്ല, ഇത് എത്തിക്സിന് എതിരാണ്. അതുകൊണ്ട് പുഷ്പഗിരി മെഡിക്കൽകോളേജുമായി ബന്ധപ്പെട്ട കേസിന് ആരൊക്കെ ഹാജരായി, ഏതൊക്കെ രൂപത്തിലാണ് അവർ ഗവൺമെന്റിന്റെ താൽപ്പര്യം സംരക്ഷിക്കപ്പെട്ടത് എന്നതിനെ സംബന്ധിച്ച് സമഗ്രമായ ഒരന്വേഷണം ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരിട്ട് നടത്തണം. എന്നാൽ ഇതിന്റെ സത്യാവസ്ഥ പുറത്തുവരും. ഗവൺമെന്റ് അംഗീകരിച്ച, ഈ നിയമസഭ അംഗീകരിച്ച ഇന്റർഷനെതിരായി പ്രവർത്തിക്കുന്നത്, ഗവൺമെന്റിനു വേണ്ടി പ്രവർത്തിക്കേണ്ടവർ ഈ രൂപത്തിൽ പെരുമാറുന്നത് എന്തുകൊണ്ടാണ് ?

മി. സ്പീക്കർ : ഇവിടെ പറഞ്ഞതുപോലെ രണ്ടുപേർക്കും വേണ്ടി ഹാജരായിട്ടുണ്ടെങ്കിൽ അത് professional misconduct... ആണ്. അതു ഗവൺമെന്റല്ല, ബഹുമാനപ്പെട്ട അംഗത്തിനുതന്നെ ബാർ കൗൺസിലിൽ പരാതി കൊടുക്കാവുന്നതാണ്. ഗവൺമെന്റ് എന്തു ചെയ്യണമെന്നുള്ളത് വേറെ കാര്യമാണ്. ബഹുമാനപ്പെട്ട അംഗങ്ങൾക്കുതന്നെ ബാർ കൗൺസിലിൽ പരാതി കൊടുക്കാം.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) : ബഹുമാനപ്പെട്ട ബാലൻ സൂചിപ്പിച്ചതു പോലെ ഹരീഷ് ആൽവേ ആദ്യം കേന്ദ്ര ഗവൺമെന്റിനു വേണ്ടി ഈ കേസിൽ സുപ്രീംകോടതിയിൽ ഹാജരായ വക്കീലാണ്. ഇത്തവണ അദ്ദേഹം മറ്റവർക്കു വേണ്ടി ഹാജരാകുന്നു. നമ്മുടെ കേസിൽ ഇത്തവണ ഹാജരാകുന്നത് അഡ്വക്കേറ്റ് വേണുഗോപാലാണ്.

മി. സ്പീക്കർ : അങ്ങനെയാണെങ്കിൽ അതു തെറ്റാണ്. നമ്മുടെ രേഖകൾ അദ്ദേഹം പഠിച്ചശേഷം പിന്നീട് പ്രതിക്കുവേണ്ടി ഹാജരാകുന്നത് തെറ്റാണ്. You can give a petition. ബാർ കൗൺസിലിൽ പെറ്റീഷൻ കൊടുക്കാം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ഇങ്ങനെയുള്ള നിലപാട് സ്വീകരിക്കുന്ന നിയമവകുപ്പിനെപ്പറ്റി ആലോചിക്കേണ്ടതാണ്. നിങ്ങളെ കുളത്തിലിറക്കുകയാണ് നിയമവകുപ്പു ചെയ്യുന്നത്.

മി. സ്പീക്കർ : What about the resolution.., എടുക്കാമോ ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : എടുക്കാം.

മി. സ്പീക്കർ : പ്രതിപക്ഷനേതാവില്ല. മൂവ് ചെയ്യുന്നതേയുള്ളൂ. പ്രസംഗം വേണ്ട. ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞാലും മതി..... ഹൗസിന്റെ ധാരണയനുസരിച്ചുള്ള റെസല്യൂഷനാണ്.

VI പ്രമേയം

അഡ്വാൻസ് ലൈസൻസ്വഴി ഡ്യൂട്ടിയില്ലാതെയുള്ള റബ്ബർ ഇറക്കുമതി നിരോധിച്ചുകൊണ്ട് കേന്ദ്ര ഗവൺമെന്റ് വിജ്ഞാപനം പുറപ്പെടുവിക്കണമെന്ന ആവശ്യം

ശ്രീ. ഉമ്മൻചാണ്ടി : സർ, "അഡ്വാൻസ് ലൈസൻസ് വഴി ഡ്യൂട്ടിയില്ലാതെ റബ്ബർ ഇറക്കുമതി ചെയ്യുവാനുള്ള നിരോധനം പിൻവലിച്ചുകൊണ്ടുള്ള ഡയറക്ടർ ജനറൽ ഓഫ് ഫോറിൻ ട്രേഡിന്റെ (ഡി.ജി.എഫ്.റ്റി.) 2003 ജൂലൈ 3-ാം തീയതിയിലെ വിജ്ഞാപനം വൻതോതിൽ റബ്ബർ ഇറക്കുമതിക്ക് വഴി തെളിക്കുമെന്നുള്ളതുകൊണ്ടും തന്മൂലം റബ്ബറിന്റെ ആഭ്യന്തര വിപണിയിലെ വില ഗണ്യമായി കുറയുമെന്നുള്ളതുകൊണ്ടും ഇത് റബ്ബർ കർഷകരെ സാമ്പത്തികമായി പ്രതിസന്ധിയിലാക്കുമെന്നുള്ളതിനാലും കേന്ദ്ര നയത്തിൽ പ്രതിഷേധിക്കുന്നതോടൊപ്പം കർഷക താൽപ്പര്യം സംരക്ഷിക്കപ്പെടുവാനായി, അഡ്വാൻസ് ലൈസൻസ്വഴി ഡ്യൂട്ടിയില്ലാതെയുള്ള റബ്ബർ ഇറക്കുമതി നിരോധിച്ചുകൊണ്ട് അടിയന്തരമായി കേന്ദ്ര വാണിജ്യവകുപ്പു വിജ്ഞാപനം പുറപ്പെടുവിക്കണമെന്ന് ഈ സഭ കേന്ദ്ര ഗവൺമെന്റിനോട് ഐകകണ്ഠേന അഭ്യർത്ഥിക്കുന്നു" എന്ന പ്രമേയം അവതരിപ്പിക്കുന്നു. സർ, ഈ പ്രമേയം സഭ ഐകകണ്ഠേന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly